43/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി : 19.06.2024

## സർക്കുലർ

**വിഷയം :** **എൻ.എസ്.എസ്. മാനുവൽ പ്രകാരം മൂന്നുവർഷത്തിനു മുൻപ് സ്ഥാനമൊഴിയുന്ന പ്രോഗ്രാം ഓഫീസർമാരെ സംബന്ധിച്ച്**

**സൂചന :** **1) എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 21/05/2024 ലെ 43/DGE/HSE/NSS/2024 നമ്പർ സർക്കുലർ**

സൂചന സർക്കുലർ പ്രകാരം പ്രോഗ്രാം ഓഫീസറുടെ കാലാവധി 3 അക്കാദമിക വർഷവും പ്രത്യേക അനുമതിയോടെ 4 വർഷംവരെ തുടരാവുന്നതാണെന്നും അറിയിച്ചിരുന്നു.

എന്നാൽ പല സ്കൂളുകളിലും കാലാവധി പൂർത്തീകരിക്കുന്ന മൂന്നുവർഷത്തിനുമുൻപായി പ്രോഗ്രാം-ഓഫീസർമാർ തൽസ്ഥാനത്തുനിന്നും ഒഴിവാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് യൂണിറ്റ് തല പ്രവർത്തനങ്ങളെ ഗുരുതമായി ബാധിക്കുന്നുണ്ട്.

പുതിയതായി ചാർജ്ജിൽവരുന്ന പ്രോഗ്രാം-ഓഫീസർമാർക്ക് പരിശീലനം നൽകേണ്ടിവരുന്നത് എൻ.എസ്.എസ്. സംവിധാനത്തിന് അധികബാധ്യതയാവുകയും ചെയ്യുന്നുണ്ട്.

ആ പ്രശ്നം കണക്കിലെടുത്ത് കുറഞ്ഞത് 3 വർഷകാലാവധി പൂർത്തിയാക്കുന്നതിനു മുൻപായി 2024-25 വർഷത്തിൽ സ്ഥാനം ഒഴിയുന്ന പ്രോഗ്രാം-ഓഫീസർമാർ സ്ഥാനം ഒഴിയുന്നതിനുള്ള കാരണം രേഖകൾ സഹിതം റീജിയണൽ തലത്തിൽ ചുവടെ ചേർക്കുന്ന തീയതികളിൽ ഹാജരാക്കേണ്ടതാണ്.

### സമർപ്പിക്കേണ്ട രേഖകൾ

1. പ്രോഗ്രാം-ഓഫീസർ സ്ഥാനമേൽക്കുമ്പോൾ സമർപ്പിച്ച സത്യവാങ്മൂലം
2. സ്ഥാനം ഒഴിയുന്നതിന്റെ കാരണം വിശദമാക്കുന്ന രേഖകൾ.
3. പ്രോഗ്രാം-ഓഫീസർ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് സ്ഥാനം ഒഴിയുന്നതു സംബന്ധിച്ച പി.ടി.എ.യുടെ കത്ത്.
4. പ്രിൻസിപ്പലിന്റെ കത്ത്

ഉത്തരമേഖല - 28 ജൂൺ 12.30 പി.എം.സെന്റ് തെരേസാസ് HSS കണ്ണൂർ
മധ്യമേഖല - 5 ജൂലൈ 10.30 എ.എം. GGHSS എറണാകുളം
ദക്ഷിണമേഖല- 8 ജൂലൈ 10.30 എ.എം. NSS Cell തിരുവനന്തപുരം
ടി കൂടിയിരിപ്പിനായി അതാതു റീജിയനുകളിലെ റീജിയണൽ ജില്ലാ കൺവീനർമാർ എത്തിച്ചേരേണ്ടതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ